**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**

**ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in**

---

നം: **DHS/3106/2026-ES6** തീയതി: **09-02-2026**

## സർക്കുലർ

വിഷയം:- ആവഡ-വിവിധ വിഭാഗം സ്പെഷ്യലിറ്റി ഡോക്ടർമാരുടെ **2026**-വരെയുള്ള ഒഴിവുകൾ നികത്തുന്നതിനായി അടിയന്തരമായി **D.P.C**-യോഗം ചേരുന്നതിനുവേണ്ടി **CR**- ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന:- **1.06.02.2026** ലെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിർദേശം.

**2.**സ.ഉ.(അച്ചടി)നം.**2/2026/H&FWD** തീയതി, **03-01-2026**

**GO(P) No.344/66/PD Dated. 22/8/1966**-ന്റെ ഖണ്ഡിക **14** പ്രകാരം കടന്നു പോയ വർഷം ജനുവരി **1** മുതൽ ഡിസംബർ **31** വരെയുള്ള **Annual Confidential Report** നടപ്പ് വർഷം ഫെബ്രുവരി **1** ന് ഫോർവേഡ് ചെയ്തിരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ആരോഗ്യവകുപ്പിലെ വിവിധ സ്പെഷ്യലിറ്റി കേഡറുകളിൽ **2026**-വരെയുള്ള സ്ഥാനക്കയറ്റ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് സെലക്ട് ലിസ്റ്റ് തയാറാക്കുന്നതിനു ഡി.പി.സി കൂടുന്നതിലേക്കായി;

**(1). സീനിയർ കൺസൽട്ടൻറ് വിഭാഗത്തിലെ മെഡിക്കൽ ഓഫീസർമാരിൽനിന്നും സീനിയോറിറ്റി പ്രകാരം ആദ്യ 5 പേരുടെയും;**

**(2). കൺസൽട്ടൻറ് വിഭാഗത്തിലെ മെഡിക്കൽ ഓഫീസർമാരിൽനിന്നും**

സീനിയോറിറ്റി പ്രകാരം ആദ്യ 10 പേരുടെയും;

(3). ജൂനിയർ കൺസൽട്ടൻറ് വിഭാഗത്തിലെ മെഡിക്കൽ ഓഫീസർമാരിൽനിന്നും സീനിയോറിറ്റി പ്രകാരം ആദ്യ 25 പേരുടെയും;

2023, 2024, 2025 കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പ്, സെൽഫ് അപ്പ്രൈസൽ എന്നിവ 18.02.2026-ന് മുൻപായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമയബന്ധിത ഹയർഗ്രേഡ് ലഭിച്ച മെഡിക്കൽ ഓഫീസർമാർ സ്ഥാനക്കയറ്റം ലഭിക്കുന്നത് ഒഴിവാക്കുന്നതിനായി വകുപ്പ് നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരിക്കുകയും അത് കാരണം അവരുടെ ജൂനിയറിനു പ്രമോഷൻ ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുകയും ചെയ്താൽ നാളിതുവരെ അവർ Time Bound Higher Grade ഇനത്തിൽ വാങ്ങിയ തുകയും പലിശയും കണക്കാക്കി ടി മെഡിക്കൽ ഓഫീസർ മാരിൽനിന്നും ഈടാക്കുന്നതിനും അവരുടെ ശമ്പളം പുനഃ ക്രമീകരിക്കുന്നതിനും സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ മാർഗനിർദേശം അനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

സൂചന (2) ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

Digitally signed by
Reena K J
Date: 09-02-2026
16:28:19

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:

ബന്ധപ്പെട്ട എല്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. എല്ലാ ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി/ താലൂക്ക് ആശുപത്രി സൂപ്രണ്ടുമാർക്കും (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്

മുഖേന)

3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
4. ഫയൽ / കരുതൽ ഫയൽ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - മെഡിക്കൽ ഓഫീസർമാരുടെ സമയബന്ധിത ഹയർഗ്രേഡും സ്ഥാനക്കയറ്റവും - നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(അച്ചടി) നം.2/2026/H&FWD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.01.2025-ലെ DHS/14776/2024-EB4 നമ്പർ കത്ത്.
2. സ.ഉ. (സാധാ) നം.8568/2025/ധന തീയതി 27.10.2025.

<u>ഉത്തരവ്</u>

സമയ ബന്ധിത ഹയർഗ്രേഡ് വാങ്ങിയ ഡോക്ടർമാർ പ്രൊമോഷൻ ഒഴിവാക്കുന്നതിനായി ആന്വൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരിക്കുന്നത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുകയും, ഹയർ ഗ്രേഡ് ലഭിച്ച ഡോക്ടർമാർ വകുപ്പ് നിഷ്കർഷിക്കുന്ന നിർദിഷ്ട സമയ പരിധിക്കകം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരിക്കുകയും അത് വഴി അവരുടെ ജൂനിയർ പ്രൊമോഷൻ ആകുകയും ചെയ്താൽ അത് അക്കൗണ്ടന്റ് ജനറലിനു റിപ്പോർട്ട് ചെയ്യണമെന്നും, ജൂനിയറിനു പ്രൊമോഷൻ ലഭിച്ച തീയതി മുതൽ നാളിതുവരെ സമയ ബന്ധിത ഹയർഗ്രേഡ് ഇനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥർ കൈപ്പറ്റിയ തുകയുടെ വിശദവിവരം അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിക്കുന്ന മുറക്ക്, ബന്ധപ്പെട്ടവർക്ക് ഒരു നോട്ടീസ് നൽകി അതിന്റെ മറുപടി പരിശോധിച്ച ശേഷം അവരിൽ നിന്നും ഹയർ ഗ്രേഡ് വഴി അനുവദിച്ച തുകയും പലിശയും ഒറ്റത്തവണയായി ഈടാക്കി ഒരു പ്രത്യേക, ഹെഡ് ഓഫ് അക്കൗണ്ടിൽ റെമിറ്റ് ചെയ്യുന്നതിന് വകുപ്പ് തലവൻ ടി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും, ആ നിർദ്ദേശം ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ പാലിച്ചില്ലായെങ്കിൽ അത് സർക്കാർ ബാധ്യതയായി കണക്കാക്കി ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കണമെന്നും, പ്രസ്തുത ഉദ്യോഗസ്ഥരുടെ സമയ ബന്ധിത ഹയർ ഗ്രേഡ് വകുപ്പ് തലവൻ റദ്ദ് ചെയ്യണമെന്നും, അതനുസരിച്ച് അക്കൗണ്ടന്റ് ജനറൽ ടി ഉദ്യോഗസ്ഥരുടെ ശമ്പളം പുനഃക്രമീകരിച്ച് സ്ലിപ് നൽകണമെന്നുമുള്ള നിബന്ധനകൾ ഉൾപ്പെടുത്തി ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ചുവടെ പറയുന്ന നിബന്ധനകൾ പുറപ്പെടുവിക്കുന്നു:

(i) സമയബന്ധിത ഹയർഗ്രേഡ് ലഭിച്ച മെഡിക്കൽ ഓഫീസർമാർ, സ്ഥാനക്കയറ്റം ലഭിക്കുന്നത് ഒഴിവാക്കുന്നതിനായി വകുപ്പ് നിഷ്കർഷിക്കുന്ന സമയ പരിധിക്കുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരിക്കുകയും ആയത് കാരണം അവരുടെ ജൂനിയറിന് പ്രൊമോഷൻ ലഭിക്കുകയും ചെയ്താൽ വകുപ്പ് തലവൻ അത് അക്കൗണ്ടന്റ് ജനറലിന് റിപ്പോർട്ട് ചെയ്യേണ്ടതും, ജൂനിയറിന് പ്രൊമോഷൻ ലഭിച്ച തീയതി വരെ Time Bound Higher Grade ഇനത്തിൽ അവർ വാങ്ങിയിട്ടുള്ള തുകയുടെ വിശദ വിവരം അക്കൗണ്ടന്റ് ജനറലിൽ നിന്നും വാങ്ങി ബന്ധപ്പെട്ട മെഡിക്കൽ ഓഫിസർമാർക്ക് നോട്ടീസ് നൽകി അതിന്റെ മറുപടി പരിശോധിച്ച ശേഷം അവരിൽ നിന്നും ഹയർഗ്രേഡ് വഴി ലഭിച്ച തുകയും പലിശയും കണക്കാക്കി ആയത് ഒറ്റത്തവണയായി ഈടാക്കി പ്രസ്തുത തുക പരാമർശം (2) ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുള്ള 0210-80-800- 84 (Recovery of overpayments and interest on TBHG under Health Department) എന്ന ശീർഷകത്തിൽ അടക്കേണതാണ്.

(ii) ജീവനക്കാരൻ വിരമിക്കുന്നതിന് മുമ്പ് ആയത് ഈടാക്കാൻ സാധിച്ചില്ലായെങ്കിൽ പ്രസ്തുത ബാധ്യത തുക ജീവനക്കാരൻ വിരമിക്കുന്നതിനു മുമ്പോ വിരമിച്ച് മൂന്ന് വർഷത്തിനുള്ളിലോ തിട്ടപ്പെടുത്തി ജീവനക്കാരനെ അറിയിച്ച ശേഷം അയാളുടെ ഡി.സി.ആർ.ജി-യിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്.

(iii) NPS-ൽ ഉൾപ്പെട്ട ജീവനക്കാർക്ക് നിലവിൽ DCRG അനുവദിച്ചിട്ടില്ലാത്തതിനാൽ NPS-ൽ ഉൾപ്പെട്ടവർക്ക് ടി ബാധ്യത ടെർമിനൽ സറണ്ടറിൽ നിന്നും ഒറ്റത്തവണയായി തിരിച്ചു പിടിക്കേണ്ടതും, ഇപ്രകാരം ഈടാക്കിയ ശേഷവും ബാധ്യത നിൽക്കുന്ന പക്ഷം ടി തുക റവന്യൂ റിക്കവറി വഴി ഈടാക്കേണ്ടതുമാണ്.

(iv) മേൽ മെഡിക്കൽ ഓഫീസർമാരുടെ സമയബന്ധിത ഹയർഗ്രേഡ് വകുപ്പ് തലവൻ റദ്ദ് ചെയ്യേണ്ടതും ആയതിന് അനുസൃതമായി അവരുടെ ശമ്പളം അക്കൗണ്ടന്റ് ജനറൽ പുന:ക്രമീകരിച്ച് പേ-സ്ലിപ്പ് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും (ആരോഗ്യം)
ധനകാര്യ വകുപ്പ് (3022647/HLT-B2/9/2025-FIN നമ്പർ കുറിപ്പ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (HEALTH-A2/8/2025-HEALTH)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ